# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1134 | 30.01.2018-ൽ മറുപടിയ്ക്ക് |

## മലപ്പുറം ജില്ലയിലെ ഏഴൂർ-മീശപ്പടി-ബംഗ്ലാംകുന്ന് ബൈപാസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം ജില്ലയിലെ തിരൂർ ടൗൺ തിരക്ക് ഒഴിവാക്കുന്നതിനുള്ള ഏഴൂർ-മീശപ്പടി-ബംഗ്ലാംകുന്ന് ബൈപാസ് പദ്ധതി ഇപ്പോൾ പരിഗണനയിൽ ഉണ്ടോ; എങ്കിൽ നടപടികൾ എപ്പോൾ തുടങ്ങി; ഏതു വരെയായി; എപ്പോൾ പൂർത്തീയാക്കാനാകും എന്നിവ വ്യക്തമാക്കുമോ; | (എ) ഉണ്ട്. പ്രസ്തുത ബൈപ്പാസിന്റെ ഇൻവസ്റ്റിഗേഷൻ നടത്തുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. ഇൻവെസ്റ്റിഗേഷൻ നടത്തി അലൈൻമെന്റ് തീരുമാനിച്ചതിനു ശേഷം ഡി.പി.ആർ തയ്യാറാക്കി സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. ഇതിൽ ബംഗ്ലാകുന്ന് മുതൽ മീശപ്പടി വരെയുള്ള ഭാഗത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നുണ്ട്. |
| (ബി) സ്ഥലമെടുക്കൽ ഉൾപ്പെടെയുള്ള സങ്കീർണതകൾ കാരണം പൊൻമുണ്ടം 3-ാം റീച്ച് പൂർത്തീകരിക്കാൻ കഴിയുമോ; ഇതിനു പകരമായി ഏഴൂർ-മീശപ്പടി-ബംഗ്ലാംകുന്ന് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) പൊൻമുണ്ടം 3-ാം റീച്ചിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. ഏഴൂർ-മീശപ്പടി-ബംഗ്ലാംകുന്ന് ബൈപ്പാസിന്റെ ഇൻവസ്റ്റിഗേഷൻ പൂർത്തീകരിക്കുന്ന മുറയ്ക്കു മാത്രമേ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) ഏഴൂർ-മീശപ്പടി-ബംഗ്ലാംകുന്ന് പദ്ധതി നടപ്പിലാക്കാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ? | (സി) നിലവിൽ തടസ്സങ്ങൾ കാണുന്നില്ല. |

സെക്ഷൻ ഓഫീസർ